**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1055** **27-07-2021 - ൽ മറുപടിയ്ക്ക്**

**പൈനാപ്പിളിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പൈനാപ്പിളിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് കഴിഞ്ഞ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നത്. 26/10/2020 ലെ G.O.(Ms) 80/2020/Agri നം. ഉത്തരവ് പ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതി നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. പൈനാപ്പിളിന് 15 രൂപ അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. പൈനാപ്പിളിന്റെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച അടിസ്ഥാന വിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് DBT യായി നൽകുന്നു. |
| (ബി) | ഇക്കാര്യത്തിൽ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | പൈനാപ്പിളിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് ഇതിന്റെ സംസ്കരണവുമായി ബന്ധപെട്ടു പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനിയെ ശാക്തീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പൈനാപ്പിൾ കർഷകർക്ക് സബ്സിഡി ലഭ്യമാക്കാനായി പൈനാപ്പിൾ ഉൽപ്പാദന | (സി) | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയുടെ 2020-21-ലെ വാർഷിക കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടർ |

| | | | |
|---|---|---|---|
| | പ്രോത്സാഹന പദ്ധതി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ ? | | ഒന്നിന് 26250/- രൂപ നിരക്കിൽ പൈനാപ്പിളിന്റെ വിള വിസ്തൃതി വ്യാപനം 200 ഹെക്ടറിൽ നടപ്പിലാക്കാനായി 78.75 ലക്ഷം വകയിരുത്തിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ സ്ഥലത്ത് വരെ പൈനാപ്പിൾ കൃഷി ചെയ്യാവുന്നതാണ്. പൈനാപ്പിളിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിലൂടെ സാമ്പത്തിക സഹായം അനുവദിക്കുന്നു. പ്രൈമറി / മൊബൈൽ / മിനിമൽ പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 10 ലക്ഷം രൂപയും മലയോരപ്രദേശങ്ങളിൽ 11.75 ലക്ഷം രൂപയും ധനസഹായമായി നൽകുന്നു. ഇവ പൈനാപ്പിളിന്റെ ഉത്പന്നങ്ങളുടെ സംസ്കരണത്തിനും ഉപയോഗിക്കാവുന്നതാണ്. പൈനാപ്പിൾ സംഭരിക്കുന്നതിന് പായ്ക്ക് ഹൗസ് സ്ഥാപിക്കുന്നതിനായി 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. ഗുണനിലവാരത്തിന് കോട്ടം തട്ടാത്ത രീതിയിൽ പൈനാപ്പിൾ ദൂര സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതിന് 4 മുതൽ 9 MT സംഭരണശേഷിയുള്ള 26 ലക്ഷം രൂപ ചെലവ് വരുന്ന റീഫർ വാനിന് സമതല പ്രദേശങ്ങളിൽ പദ്ധതി ചെലവിന്റെ 35 ശതമാനവും മലയോര പ്രദേശങ്ങളിൽ 50 ശതമാനവും വായ്പാ ബന്ധിത ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ